പുരാവസ്തുക്കളായി പ്രഖ്യാപിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണം

76 [3219] ശ്രീ. എൻ. ശക്തൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പ് എത്ര പുരാതന കെട്ടിടങ്ങളെ പുരാവസ്തുക്കളായി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന കെട്ടിടങ്ങളുടെയും അവ ഉൾക്കൊള്ളുന്ന വസ്തുവിന്റെയും ഉടമസ്ഥാവകാശം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) ഇത്തരം കെട്ടിടങ്ങൾക്ക് ഏതെല്ലാം വിധത്തിലുള്ള സംരക്ഷണ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഈ പുരാതന കെട്ടിടങ്ങളും വസ്തുക്കളും കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കാറുണ്ടോ;

(ഇ) ആയതിനുള്ള ഉത്തരവാദിത്വം ആരിലാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) അറുപത്തിയഞ്ച്.

(ബി) കോയിക്കൽ കൊട്ടാരം-നെടുമങ്ങാട്, കൃഷ്ണപുരം കൊട്ടാരം-കായംകുളം, ശക്തൻതമ്പുരാൻ കൊട്ടാരം-തൃശ്ശൂർ, പത്മനാഭപുരം കൊട്ടാരം-തക്കല, ആർക്കിയോളജിക്കൽ മ്യൂസിയം-തൃശ്ശൂർ, പഴശ്ശിരാജാ മ്യൂസിയം-കോഴിക്കോട്, ആർക്കിയോളജിക്കൽ മ്യൂസിയം-തൃപ്പൂണിത്തുറ എന്നീ കെട്ടിടങ്ങൾ ഒഴിച്ചു ബാക്കി 58 കെട്ടിടങ്ങളുടെയും ഉടമസ്ഥാവകാശം അതാതു ഉടമകൾക്കാണ്.

(സി) സംരക്ഷണ പണികളും തനിമ നിലനിർത്തിക്കൊണ്ടുള്ള സ്ട്രക്ചറൽ പണികളും നടത്തിവരുന്നു.

(ഡി) ഉണ്ട്.

(ഇ) പുരാവസ്തു വകുപ്പിന്.

വാസ്തു ശിൽപ്പകല പരിരക്ഷിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത പുരാതന കെട്ടിടങ്ങൾ

77 [3220] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വാസ്തു ശിൽപ്പകല പരിരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും പുരാതന കെട്ടിടങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ, ബി) താഴെ വിവരിക്കുന്ന 24 പുരാതന കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്. †

ടൂറിസം മേഖലയിൽ കേരളത്തിന്റെ വളർച്ചാനിരക്ക്

78 [3225] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിന്റെ വളർച്ചാനിരക്ക് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ എത്രത്തോളമാണ് സംസ്ഥാനത്തിന്റെ മുന്നേറ്റം എന്ന് വ്യക്തമാക്കുമോ;

(സി) വരുന്ന ദശകത്തിൽ ഉണ്ടായേക്കാവുന്ന വളർച്ചാനിരക്ക് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ലഭ്യമായ കണക്കനുസരിച്ച് വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിന്റെ വളർച്ചാനിരക്ക് 144.27% ആണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) 57%

(സി) കണക്കാക്കിയിട്ടില്ല. എന്നാൽ വരുന്ന ദശകത്തിൽ 300%-ത്തിലേറെ വളർച്ചാനിരക്ക് പ്രതീക്ഷിക്കുന്നുണ്ട്.

ടൂറിസം വികസന മേഖലകളുടെ രൂപീകരണം

79 [3226] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി പ്രത്യേക ടൂറിസം വികസന മേഖലകൾ രൂപവൽക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ടൂറിസം മേഖലകളുടെ മേൽനോട്ടവും സംരക്ഷണവും വിപുലമായ അധികാരങ്ങളോടുകൂടിയ ടൂറിസം സംരക്ഷണ സമിതികളെ ഏൽപ്പിക്കാൻ ആവശ്യമായ നിയമനിർമ്മാണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[16-7-2003 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 77(3220) ദയവായി കാണുക]

സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ്

1.	അയൺ വില്ല പാർക്ക്	തിരുവനന്തപുരം ജില്ല
2.	വടക്കേനമ്പി മഠം	,,
3.	പുഷ്പാഞ്ജലി സ്വാമിയാർ മഠം	,,
4.	നിത്യച്ചെലവ് ബംഗ്ലാവ്	,,
	രംഗവിലാസം പാലസ്	,,
	രംഗവിലാസം പാലസ് ഔട്ട്ഹൗസ്	,,
5.	രംഗവിലാസം പാലസ് അനക്സ്	,,
6.	തേവാരപ്പുര	,,
7.	കോപ്പുപുര	,,
8.	സുന്ദര വിലാസം പാലസ്	,,
9.	ചെക്കുത്ത് മണ്ഡപം	,,
10.	ചെല്ലംവക	,,
11.	ഉൽസവ മഠം	,,
12.	രാമനാ മഠം	,,
13.	നവരാത്രി മണ്ഡപം	,,
14.	കൃഷ്ണവിലാസം പാലസ്	,,
15.	പേഷ്കാർ ഓഫീസ്	,,
16.	കുഴിമാളിക	,,
17.	ഭജനപ്പുര മാളിക	,,
18.	അനന്തവിലാസം പാലസ്	,,
19.	കുതിര മാളിക	,,
20.	അനന്തവിലാസം പാലസ് ഔട്ട്ഹൗസ്	,,
21.	ശ്രീപാദം കൊട്ടാരം	,,
22.	മൂഠത്ത് മഠം	,,
23.	ജൂയിസ് സെന്റർ (സെന്റ് തെരേസാസ്) കോളേജിനടുത്ത്	എറണാകുളം ജില്ല
24.	സെന്റ് ജോർജ് പള്ളി, വരാപ്പുഴ,	,,

LIBRARY ARCHIVES Kerala Legislative Assembly